# ‘ദൈവപൈതലിന്റെ ജീവിതത്തിലെ ആത്യന്തികമായ ലക്ഷ്യം’

## സങ്കീർത്തനങ്ങൾ 92:8

“ നീയോ, യഹോവേ, എന്നേക്കും അത്യുന്നതനാകുന്നു.”

ശബത്ത് നാൾക്കുള്ള ഒരു ഗീതം അഥവാ ഒരു ശബത്ത് സങ്കീർത്തനമായിട്ടാണ് 92-ാം സങ്കീർത്തനം നാം കാണുന്നത്. ഇവിടെ സങ്കീർത്തനം തുടങ്ങുന്നതുതന്നെ യഹോവയ്ക്ക് സ്തോത്രം ചെയ്തുകൊണ്ടാകുന്നു. അനേക കാര്യങ്ങൾ അവിടെ സങ്കീർത്തനക്കാരൻ പറയുന്നു. എന്തുകൊണ്ട് അവനെ സ്തുതിക്കണം. കാരണം അവൻ “എന്നേയ്ക്കും അത്യുന്നതനാകുന്നു.” അവനെ സ്തുതിക്കുന്നതും, വർണ്ണിക്കുന്നതും, കീർത്തിക്കുന്നതും മാത്രമാകുന്നു ഒരു ദൈവപതലിന് നല്ലത് എന്ന് ഇവിടെ പറയുന്നു. (Psalms 92:3)

ദൈവത്തെ സ്തുതിക്കുക, പുകഴ്ത്തുക, കീർത്തിക്കുക ഇവ ദൈവപൈതലിന്റെ ജീവിതത്തിലെ ആത്യന്തികമായ ലക്ഷ്യവും ഉത്തരവാദിത്വവും ആയിരിക്കണം എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ശബത്ത് സങ്കീർത്തനം ആയി യിസ്രായേൽ മക്കൾ ഇത് പാടി. ഇന്ന് പുതിയനിയമ വിശ്വാസിക്ക് ഒരു ശബത്ത് ആചരണം ഇവിടെ ഇല്ലെങ്കിലും ദൈവത്തിനായി ഒരു ദിവസം വേർതിരിക്കുകയും ദൈവകാര്യങ്ങളിൽ കൂടുതൽ ശുഷ്ക്കാന്തിയുള്ളവ രായിരിക്കുകയും ചെയ്യണം എന്നത് ആവശ്യമാകുന്നു. ഒരു ദിവസം തുടങ്ങുമ്പോൾ മുതൽ തീരും വരെ ഉറങ്ങിയാലും നാം ദൈവകരങ്ങളിൽ സുരക്ഷിതരാകുന്നു. അതുകൊണ്ട് സദാ അവന് നന്ദിയും സ്തുതിയും കരേറ്റണം എന്നതുതന്നെയാണ് ദൈവഹിതം. എങ്കിലും നാം ആയിരിക്കുന്ന ജീവിതത്തിന്റെ ഓട്ടത്തിനും ഉത്തരവാദിത്വങ്ങൾക്കും ഒക്കെ ഒടുവിൽ അല്പസമയം വേറിട്ടു വിശ്രമിച്ചുകൊണ്ട് അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തണം. സമയം കണ്ടെത്തുകതന്നെ ചെയ്യണം. യഹോവ ആറു ദിവസത്തെ പ്രവൃത്തിയിൽ നിന്ന് ഏഴാം ദിവസം നിവൃത്തനായി എന്ന് ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നു. ആ ദിവസത്തെ ദൈവം അനുഗ്രഹിച്ചു, ശുദ്ധീകരിച്ചു.

അതേ, ഏഴാം ദിവസം ഒരു ശുദ്ധീകരണത്തിന്റെ അനുഭവം. ദിവസംതോറും, നിമിഷം തോറും ഇതു നമ്മുടെ ജീവിതത്തിൽ നടക്കേണ്ട അനുഭവം തന്നെയാണ്. എങ്കിലും ഇന്നത്തെ ലോകത്തിന്റെ വേഗതയിൽ നാമും നമ്മുടെ തലമുറകളും പലതും മറക്കുകയും, പ്രാധാന്യം കൊടുക്കേണ്ടതിനെ വളരെ നിസാരമായി കാണുകയും ചെയ്യുന്നു. ദൈവീകാരാധനയ്ക്കും, കൂട്ടായ്മയ്ക്കും കടന്നുപോകാൻ ഇന്ന് പലപ്പോഴും നാം മുൻതൂക്കം കൊടുക്കാതെ മക്കളെ വിദ്യാഭ്യാസ സംബന്ധമായി, ആഴ്ചയുടെ

ഏഴുദിവസവും തിരക്കേറിയ ജീവിതാനുഭവങ്ങളുടെ മധ്യത്തിൽ കടത്തിവിടുന്നു. എന്നാൽ സങ്കീർത്തനത്തിൽ കണ്ടതുപോലെ എന്നേയ്ക്കും അത്യുന്നതനായ ദൈവത്തിനു അവന്റെ ജീവിതത്തിൽ വേണ്ട പ്രാമുഖ്യം കൊടുക്കാൻ പലപ്പോഴും മറന്നുപോകുന്നു. അഥവാ അതിനെ നിസാരമായി നിസംഗതയോടെ കാണുന്നു. ഇതൊരു വലിയ ആപത്തിലേക്കുള്ള യാത്രയാകുന്നു.

കർത്താവിനു കൊടുക്കേണ്ട മഹത്വവും, മാനവും, സ്തുതിയും, നന്ദിയും ഒക്കെ നാം അർപ്പിച്ചു കഴിയുമ്പോൾ, ജീവിതത്തിൽ ഒരുവൻ എന്തായിത്തീരുമെന്നുള്ള ആലോചനയും അനുഗ്രഹങ്ങളും തീർച്ചയായും കർത്താവു തരും. കാരണം അവന്റെ പ്രവൃത്തികൾ മാത്രമാണ് നമ്മെ സന്തോഷിപ്പിക്കുന്നത്. (Psalms 92:4). സ്വന്തപ്രയത്നം കൊണ്ടു നേടാം എന്ന തെറ്റായ സന്ദേശമാണ് ഇന്ന് അറിഞ്ഞോ, അറിയാതെയോ പ്രത്യേകിച്ച് തലമുറകൾക്ക് നാം നൽകുന്നത്. ലോകത്തിന്റെ ഏതു കോണിലായാലും ആഴ്ചയുടെ ഒരു ദിവസം പ്രത്യേകമായി വേറിട്ടു കണ്ടുകൊണ്ട്, തന്നെതന്നെ കൂടുതൽ കൂടുതൽ വിശുദ്ധീകരണത്തിനും, കുടുംബമായി കൂട്ടായ്മയായി ദൈവത്തെ ആരാധിക്കാനും പഠിപ്പിക്കണം. പത്തുകമ്പിയുള്ള വീണയും വാദിത്രവും ഒക്കെ എടുത്ത് സങ്കീർത്തനക്കാരൻ പാടി പുകഴ്ത്തി. സംഗീതോപകരണങ്ങളാൽ കൂടുതൽ മാധുര്യ മാക്കിയ ഒരു സ്തുതിയുടെ ആലാപനം അവൻ ഏഴാം ദിവസം കൊടുത്തു. അതേ, ആറുദിവസം നാം ആയിരിക്കുന്ന ജീവിതത്തിന്റെ മധ്യത്തിൽ അർപ്പിക്കുന്ന സ്തുതിയുടെയും, സ്തോത്രത്തിന്റെയും, നന്ദിയുടെയും ഒക്കെ ഒരു ഉന്നതമായ അനുഭവത്തിൽ ഈ അത്യുന്നതനെ മഹത്വപ്പെടുത്തണം. അതിനായി നമ്മെ ഓരോരുത്തരെയും, തലമുറകളെയും കർത്താവ് ശക്തീകരിക്കുകയും, സഹായിക്കുകയും ചെയ്യട്ടെ. മാതാപിതാക്കളും, മുതിർന്നവരും തങ്ങളുടെ ജീവിതത്തിൽ ഈ സാക്ഷ്യവും സന്ദേശവും ലോകത്തിനു മുമ്പിൽ വഹിക്കുന്നവരായിത്തീരാൻ പ്രാർത്ഥിക്കാം. അങ്ങനെയെങ്കിൽ നശിച്ചുകൊണ്ടിരിക്കുന്ന യുവതലമുറയുടെ പ്രശ്നങ്ങൾക്ക് വലിയ മറുപടിയും വിടുതലും നമുക്ക് ഈ നാളുകളിൽ കാണാൻ കഴിയും. കാരണം ആരാധനയിങ്കൽ വിടുതൽ ഉണ്ട്, ദൈവത്തിന്റെ ശക്തി ഉണ്ട്, സാന്നിധ്യം ഉണ്ട്. സ്തുതികളിൽ വസിക്കുന്ന ഭയങ്കരനായ, ഉന്നതനായ, അത്യുന്നതനായ കർത്താവിന് മഹത്വം കരേറ്റി നമുക്ക് ജീവിക്കാം.

പരാമർശം :
യെശയ്യാവ് 42:10,11,12

**സമുദ്രത്തിൽ സഞ്ചരിക്കുന്നവരും അതിൽ ഉള്ള സകലവും ദ്വീപുകളും അവയിലെ നിവാസികളും ആയുള്ളവരേ, യഹോവെക്കു ഒരു പുതിയ പാട്ടും ഭൂമിയുടെ**

അറ്റത്തുനിന്നു അവന്നു സ്തുതിയും പാടുവിൻ. മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദം ഉയർത്തട്ടെ; ശൈലനിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മലമുകളിൽ നിന്നു ആർക്കുകയും ചെയ്യട്ടെ. അവർ യഹോവെക്കു മഹത്വം കൊടുത്തു അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 105**